**കേരള സർക്കാർ**
**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**ജില്ല ഇൻഫർമേഷൻ ഓഫീസ്, ആലപ്പുഴ-688 001**
**ഫോൺ: 0477-2251349; ഇ-മെയിൽ: prdalppy@gmail.com,**
**വെബ്സൈറ്റ്: www.prd.kerala.gov.in**

---

പത്രക്കുറിപ്പ് 1 'ഭരണഭാഷ-മാതൃഭാഷ' 2019 ഓഗസ്റ്റ് 22 വ്യാഴം

# ഐ ആം ഫോർ ആലപ്പിയും കുടുംബശ്രീയും കൈകോർത്തു, പൂർത്തിയാവുന്നത് 123 വീടുകൾ

ആലപ്പുഴ:'ഐ ആം ഫോർ ആലപ്പി'യും കുടുംബശ്രീയും കൈകോർത്തപ്പോൾ ഹൈദരാബാദ് രാമോജി ഫിലിം സിറ്റിയുടെ സഹായത്തോടെ ജില്ലയിൽ പൂർത്തിയാകുന്നത് 123 വീടുകൾ. ഗുണഭോക്താക്കളായ കുടുംബങ്ങളുടെ തലചായ്ക്കാനൊരിടമെന്ന സ്വപ്നം അടുത്തമാസം സഫലമാകും.വിവിധതലങ്ങളിൽ ഗുണപരമായ ലക്ഷ്യങ്ങൾ കൈവരിച്ചാണ് ഭവന പദ്ധതി വിജയകരമായ പരിസമാപ്തിയിലേക്കെത്തുന്നത്.

കഴിഞ്ഞവർഷത്തെ പ്രളയത്തെത്തുടർന്നാണ് ദുരിതബാധിതർക്ക് ഒരു കൈത്താങ്ങ് എന്ന നിലയ്ക്ക് സബ്കളക്ടർ വി ആർ കൃഷ്ണതേജയുടെ നേതൃത്വത്തിൽ ആരംഭിച്ച 'ഐ ആം ഫോർ ആലപ്പി'യുടെ സഹകരണത്തോടെ കുടുംബശ്രീ ഭവനനിർമ്മാണ പദ്ധതി ആരംഭിച്ചത്.പ്രളയത്തിൽ വീടില്ലാതായ ജില്ലയിലെ എല്ലാ താലൂക്കുകളിലും ബ്ളോക്കിലുമുള്ളവർക്ക് പുതിയൊരു ജീവിതത്തിലേക്ക് പ്രത്യാശ നൽകുന്നതായി സംരഭം.

123 വീടുകളുടെയും നിർമ്മാണ നിർവ്വഹണച്ചുമതല പൂർണമായും -തറകെട്ടലും കോൺക്രീറ്റിംഗും ഫ്ളോറിംഗുമെല്ലാം- കുടുംബശ്രീ വനിതകൾക്കാണ്.ഇതുവഴി ഇവർക്ക് തൊഴിൽദിനങ്ങൾ ഉറപ്പാക്കാൻ മാത്രമല്ല കൂടുതൽ മേഖലകളിൽ സ്ത്രീശാക്തീകരണം സാധ്യമാക്കാനും കഴിഞ്ഞു. തൊഴിലുറപ്പുപദ്ധതിയിൽ 271 രൂപയാണ് ദിവസവേതനമെങ്കിൽ നിർമ്മാണരംഗത്ത് പ്രവർത്തിക്കുമ്പോൾ അതിലും കൂടിയ തുക ലഭിക്കുമെന്ന നേട്ടം കൂടിയു ്.

വനിതകളുടെ സാന്നിധ്യം തുലോം പരിമിതമായിരുന്ന നിർമാണമേഖലയിൽ കഴിഞ്ഞവർഷം കുടുംബശ്രീ 415 സ്ത്രീകൾക്ക് പരിശീലനം നൽകുകയും പരീക്ഷണാടിസ്ഥാനത്തിൽ 14 വീടുകൾ നിർമ്മിക്കുകയും ചെയ്തിരുന്നു.ഹൈദരാബാദ് രാമോജി ഫിലിം സിറ്റിയുടെ സഹായത്തോടെ പ്രളയബാധിതർക്ക് ഭവനപദ്ധതി ആവിഷ്കരിച്ചപ്പോൾ അവയുടെ നിർമാണച്ചുമതല കുടുംബശ്രീ വനിതകളെ ഏൽപ്പിക്കാൻ 'ഐ ആം ഫോർ ആലപ്പി'യും സബ്കളക്ടർ കൃഷ്ണതേജയും തീരുമാനിക്കുകയായിരുന്നു. ഇതോടെ കൂടുതൽ സ്ത്രീകൾ നിർമ്മാണമേഖലയിലേക്കെത്തി.

രാമോജി ഫിലിം സിറ്റി ഏഴുകോടി രൂപയാണ് പദ്ധതിക്കായി നൽകിയത്.ആറുലക്ഷം രൂപ വീതം ചെലവിട്ട് 116 വീടുകൾ നിർമ്മിക്കാൻ ലക്ഷ്യമിട്ടു.എന്നാൽ സംഘാടനത്തിലെ ചെലവു ചുരുക്കിക്കൊ ് ഏഴു വീടുകൾ അധികം നിർമ്മിക്കാൻ കുടുംബശ്രീക്ക് കഴിഞ്ഞു. അങ്ങനെ പദ്ധതിയിൽ വീടുകളുടെ എണ്ണം 123 ആയി. ചെലവുചുരുക്കിയുള്ള പ്രവർത്തനത്തിലൂടെ ഇനിയും മൂന്നുവീടുകൾ കൂടി റാമോജിയുടെ ഏഴുകോടി ബജറ്റിൽ തന്നെ നിർമ്മിക്കാനാകുമെന്ന പ്രതീക്ഷയിലാണ് കുടുംബശ്രീയെന്ന് അസിസ്റ്റന്റ് ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ സുനിൽ പി പറഞ്ഞു.

യഥാർത്ഥ പദ്ധതിയിലുൾപ്പെട്ട 116 വീടുകളിൽ 24 വീടുകളുടെ നിർമ്മാണം പൂർത്തിയായിക്കഴിഞ്ഞു. ബാക്കിയുള്ളവയുടെ മിനുക്കുപണികൾ മാത്രമേ ഇനി ശേഷിക്കുന്നുള്ളു.പണികൾ സമയബന്ധിതമായി തീർക്കാനും സാധന സാമഗ്രികൾ വാങ്ങുന്നതിലും അമിതചെലവു ാകാതെ ശ്രദ്ധിക്കുന്നതിലും പ്രാദേശിക ഭരണകൂടങ്ങളുടെ മേൽനോട്ടം ഉറപ്പാക്കിയിട്ടു ്.

**(ചിത്രമു ്)**

# നെഹ്റുട്രോഫി വാളന്റിയേഴ്സിനുള്ള ജേഴ്സി വിതരണം ചെയ്തു

ആലപ്പുഴ: അറുപത്തി ഏഴാമത് നെഹ്റു ട്രോഫി വള്ളം കളിക്കുവേ ി പവലിയനിൽ സേവനത്തിനെത്തുന്ന വാളന്റിയേഴ്സ് ടീമിനുള്ള ജേഴ്സികളുടെ വിതരണോദ്ഘാടനം കളക്ട്രേറ്റ് കോൺഫറൻസ് ഹാളിൽ ജില്ലാ കളക്ടർ ഡോ. അദീല അബ്ദുള്ള നിർവഹിച്ചു. വിദ്യാഭ്യാസ വകുപ്പിന്റെ അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം (അസാപ്പ്) നാണ് വോളന്റിയേഴ്സിൻരെ ചുമതല. ആലപ്പുഴ, കുട്ടനാട്, കലവൂർ മേഖലകളിൽ നിന്നുള്ള ഹയർ സെക്കന്ററി സ്ക്കൂൾ വിദ്യാർത്ഥികളാണ് വോളന്റിയേഴ്സ്. 80 അംഗ വോളന്റിയേഴ്സ് ടീമാണ് പവലയനിൽ സേവനമനുഷ്ഠിക്കുക. മുതിർന്നവർ, സ്ത്രീകൾ, കൊച്ചു കുട്ടികൾ ഉൾപ്പെടെ എല്ലാ വിഭാഗം ആളുകൾക്കും വള്ളംകളി കാണുകയെന്ന ലക്ഷ്യത്തോടെയാണ് അസാപ്പിന്റെ പരിശീലനം നേടിയ വിദ്യാർത്ഥികളെ വോളന്റിയേഴ്സായി നിയോഗിക്കുന്നത്. എൻ റ്റി ബി ആർ എന്ന് ആലേഖനം ചെയ്ത ചുവപ്പ് ജേഴ്സി അണിഞ്ഞവർ മുതിർന്നവർക്കും, മഞ്ഞ ജേഴ്സി അണിഞ്ഞവർ സ്ത്രീകൾക്കും, കുട്ടികൾക്കും വേ സേവനം ചെയ്തു കൊടുക്കും.70 വയസിനു മുകളിലുള്ള മുതിർന്ന പൗരൻമാർക്ക് ഇത്തവണ പ്രത്യേക പവലിയനു ായിരിക്കും. അസാപ്പ് ജില്ലാ പ്രോഗ്രാം മാനേജർ ശന്തനു പ്രദീപ്, പ്രോഗ്രാം മാനേജർമാരായ ശ്രീ കല, സക്കറിയ വാളന്റിയേഴ്സ് ടീമിന് നേതൃത്വം നൽകുന്നു.

**(ചിത്രമു ്)**

# ഗസ്റ്റ് ഇൻസ്ട്രക്ടർമാരെ തിരഞ്ഞെടുക്കുന്നു

ആലപ്പുഴ: ചെങ്ങന്നൂർ ഗവ.ഐ.ടി.ഐ.യിലെ വിവിധ ട്രേഡുകളിൽ നിലവിലുള്ള താത്ക്കാലിക ഒഴിവുകളിലേക്ക് ഗസ്റ്റ് ഇൻസ്ട്രക്ടർമാരെ നിയമിക്കുന്നതിന് ഓഗസ്റ്റ് 13, 14 തീയതികളിൽ നടത്തുവാൻ നിശ്ചയിച്ചിരുന്ന ഇന്റർവ്യൂ യഥാക്രമം ഓഗസ്റ്റ് 26, 27

തീയതികളിൽ രാവിലെ 10 മണിക്ക് ചെങ്ങന്നൂർ ഗവ. ഐടിഐ യിൽ വച്ച് നടത്തും. ഫോൺ: 0479 2452210/2453150.

# ഭാരതീയചികിത്സാവകുപ്പ് മാനസികാരോഗ്യം ലക്ഷ്യമിട്ട് ചികിത്സ തുടങ്ങി

ആലപ്പുഴ: ഭാരതീയചികിത്സാവകുപ്പിന്റെ മാനസികം പദ്ധതിയുടെ ഭാഗമായി പുന്നപ്ര ശ്രീ വേദവ്യാസ ഗവ.ആയുർവേദാശുപത്രിയിൽ മാനസികാരോഗ്യം വീ ടുക്കുന്നതിനുള്ള ചികിത്സ ആരംഭിച്ചു. കുട്ടികളിൽ കാണുന്ന ഭയം, അമിത വികൃതി, അപസ്മാരം, ഉറക്കക്കുറവ്, പെരുമാറ്റവൈകല്യങ്ങൾ, ബുദ്ധിവൈകല്യങ്ങൾ, പഠന വൈകല്യങ്ങൾ, ഓട്ടിസം, പരീക്ഷാഭയം, എന്നിവയ്ക്കും, മുതിർന്നവരിൽ കാണുന്ന ഓർമ്മക്കുറവ്, അമിതമായ ഉത്കണ്ഠ, ഭയം, ഉറക്കക്കുറവ്, വിഷാദം ജീവിതത്തോട് വിരക്തി , പ്രത്യാശയില്ലായ്മ, ആത്മഹത്യാപ്രവണത, പെട്ടെന്നുള്ള ഞെട്ടൽ, പേടി, അകാരണമായ ഭയം, പേടിപ്പെടുത്തുന്ന സ്വപ്നങ്ങൾ, ഉറക്കത്തിൽ ഞെട്ടി ഉണരൽ എന്നീ ലക്ഷണങ്ങൾ കാണുന്ന സാഹചര്യത്തിൽ ശാസ്ത്രീയമായ രോഗനിർണ്ണയവും ചികിത്സയും ആവശ്യമാണ്. മദ്യം ലഹരി വസ്തുകളുടെ അമിത ഉപയോഗം സ്വഭാവവ്യക്തിത്വവൈകല്യങ്ങൾ, ഉന്മാദം ലൈംഗിക പ്രശ്നങ്ങൾ തുടങ്ങിയവയ്ക്ക് സൗജന്യമരുന്നും, കൗൺസിലിങ്ങും പുന്നപ്ര ശ്രീ വേദവ്യാസ ഗവ. ആയുർവേദാശുപത്രിയിൽ എല്ലാ ദിവസവും ലഭിക്കും.ഫോൺ: 9497466150.

# ചെള്ളുപനി ശ്രദ്ധിക്കണം

ആലപ്പുഴ: ചെള്ളുപനിക്കെതിരെ ജാഗ്രത പാലിക്കണമെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചു. എലികൾ പോലുള്ള സസ്തനികളിലും ചില ഉരഗങ്ങളിലും കാണപ്പെടുന്ന ഒരുതരംചെള്ളിലാണ് പനിക്കുകാരണമായ ഒറൻഷ്യാ സുസുകാമുഷി എന്ന ബാക്ടീരിയ വളരുന്നത്. ഈ ചെള്ള് മനുഷ്യനെ കടിച്ചാൽ രോഗം ഉ ാകുന്നു. ചെള്ളുകടിച്ച ഭാഗത്ത് കറുത്ത് തടിച്ച അടയാളം പ്രത്യക്ഷപ്പെടുന്നു. പനി, തലവേദന, പേശീവേദന, വിറയൽതുടങ്ങിയലക്ഷണങ്ങളുംതുടർന്ന് കണ്ണിനു ചുവപ്പ് നിറം, ഛർദ്ദി എന്നിവയും ഉ ാകുന്നു. രക്തപരിശോധനയിലൂടെരോഗംസ്ഥിരീകരിക്കാവുന്നതാണ്. ചെള്ളുകടിയേൽക്കാതിരിക്കത്തക്ക രീതിയിലുള്ള വസ്ത്രധാരണംചെയ്യുക. വീടിന്റെ പരിസരത്ത് കുറ്റിച്ചെടികൾ വളരാനുള്ള സാഹചര്യം ഒഴിവാക്കുക. എലി നശീകരണത്തിനുള്ള ഉപാധികൾ സ്വീകരിക്കുക, എലി വളരാനുള്ള സാഹചര്യം ഒഴിവാക്കുക. പനിയു ായാൽ സ്വയംചികിത്സക്കു മുതിരാതെ ഡോക്ടറെ സമീപിക്കുക.

# വീഡിയോ ഡോക്യുമെന്റേഷൻ എൻട്രി സെപ്തംബർ 20 വരെ നീട്ടി

ആലപ്പുഴ: ശുചിത്വ-മാലിന്യ സംസ്കരണ മേഖലയിലെ മികച്ച മാതൃകകൾ വീഡിയോ ഡോക്യുമെന്റ് ചെയ്യുന്നതിന് ഫൈൻ ആർട്സ്, വിഷ്വൽ കമ്മ്യൂണിക്കേഷൻസ് വിദ്യാർത്ഥികൾ, ചാനൽ റിപ്പോർട്ടർമാർ, പ്രസ്തുത രംഗത്തെ

മറ്റു പ്രൊഫഷണലുകൾ എന്നിവർക്കിടയിൽ ശുചിത്വമിഷൻ നടത്തുന്ന ഡോക്യുമെന്ററി മത്സരം സെപ്തംബർ 20 വരെ നീട്ടി. മികച്ച ഡോക്യുമെന്ററികൾക്ക് നിർമ്മാണചെലവും (മാനദണ്ഡങ്ങൾക്ക് വിധേയമായി) അവാർഡും നൽകുന്നതാണ്. താല്പര്യമുള്ളവർ ജില്ലാശുചിത്വമിഷൻ ഓഫീസുമായി ബന്ധപ്പെടണം. ഫോൺ: 0477 2253020, 9895220166.

# കഞ്ചാവ് വിൽപ്പന നടത്തിയതിന് അറസ്റ്റ്ചെയ്തു

ആലപ്പുഴ: തൊടുപുഴ കാരിക്കോട് ഇടവെട്ടി പഞ്ചായത്ത് നാലാം വാർഡിൽ ശാരദക്കവല അന്തിനാട് വീട്ടിൽ 22 വയസ്സുള്ള റംബുട്ടാൻ എന്ന് വിളിക്കുന്ന അൻസൽ 200 ഗ്രാം കഞ്ചാവും ഹീറോ ഹോ ാ ബൈക്കും സഹിതം എക്സൈസ് പിടിയിൽ. തൊടുപുഴയിൽ നിന്നും 100 ഗ്രാം കഞ്ചാവ് വാങ്ങി 5000 രൂപയ്ക്ക് മറിച്ചുവിൽക്കുകയായിരുന്നു. അതിനിടെയാണ് പിടികൂടിയത്. തൊടുപുഴ ബസ് സ്റ്റാന്റ് പരിസരത്ത് വച്ചാണ് ഇയാൾ പതിവായി കഞ്ചാവ് കൈമറ്റം ചെയ്യുന്നത്. ഈ കേസ്സിലെ വൻകിടക്കാരെ സംബന്ധിച്ച് കൂടുതൽ അന്വേഷണങ്ങൾ നടത്തുന്നതാണെന്ന് ആലപ്പുഴ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ എ. സുൽഫിക്കർ അറിയിച്ചു. പരിശോധനയിൽ എക്സൈസ് ഇൻസ്പെക്ടർമാരായ വി. ജെ. റോയ്, പ്രശാന്ത്. ആർ, പ്രിവൻറീവ് ഓഫീസറൻമാരായ സുമേഷ് പി. എം., റോയ് ജേക്കബ്, എൻ. പ്രസന്നൻ, ജി. ഫെമിൻ, പി.സി. ഗിരീഷ്, എൻ. ബാബു തുടങ്ങിയവർ പങ്കെടുത്തു. ഓണാഘോഷത്തോടനുബന്ധിച്ച് അനധികൃത മദ്യത്തിനും മയക്കുമരുന്നിനും എതിരെ പൊതുജനങ്ങൾക്കുള്ള പരാതികൾ 0477- 2230182 എന്ന നമ്പരിൽ നൽകാം.

# തൊഴിൽ രഹിത വേതനം വിതരണം

ആലപ്പുഴ: 2019-2020 സാമ്പത്തിക വർഷത്തിലെ തൊഴിൽരഹിതവേതനം ഒന്നാം ഗഡു (12/2018 മുതൽ 07/2019 വരെയുള്ള എട്ട് മാസം വിതരണം ചെയ്യുന്നതിന് ആവശ്യമായ തുക ജില്ലയിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ഓൺലൈൻ വിതരണം ചെയ്തിട്ടു ്. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും തൊഴിൽരഹിത വേതന വിതരണം ഓഗസ്റ്റ് 31നകം പൂർത്തിയാക്കി വിനിയോഗസാക്ഷ്യപത്രം നിശ്ചിത പ്രൊഫോർമയിൽ ജില്ല എംപ്ലോയ്മെന്റ് ഓഫീസർക്ക് നൽകണം.

# സംസ്ഥാന പിന്നാക്ക വിഭാഗവികസനകോർപ്പറേഷന്റെ സ്റ്റാർട്ട്അപ് വായ്പാ പദ്ധതി

ആലപ്പുഴ: സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ ഒ.ബി.സി. വിഭാഗത്തിൽപ്പെട്ട പ്രൊഫഷണലുകൾക്ക് സ്റ്റാർട്ട്അപ് സംരംഭം ആരംഭിക്കുന്നതിനു നടപ്പിലാക്കുന്ന വായ്പാ പദ്ധതിക്ക് അപേക്ഷ ക്ഷണിച്ചു.

പദ്ധതി പ്രകാരം പരമാവധി 20 ലക്ഷം രൂപവരെ വായ്പയായി അനുവദിക്കുന്നതാണ്. 3 ലക്ഷം രൂപവരെ കുടുംബവാർഷിക വരുമാനമുള്ള ഒ.ബി.സി. വിഭാഗം പ്രൊഫഷണലുകൾക്ക് പദ്ധതി പ്രകാരം അപേക്ഷിക്കാവുന്നതാണ്. 5 ലക്ഷം രൂപ വരെ 6% പലിശ നിരക്കിലും അതിനുമുകളിൽ 10 ലക്ഷം രൂപവരെ 7% പലിശ നിരക്കിലും, 10

ലക്ഷം രൂപയ്ക്ക് മുകളിൽ 8% പലിശ നിരക്കിലും വായ്പ അനുവദിക്കുന്നതാണ്. തിരിച്ചടവ് കാലയളവ് 84 മാസം വരെ. അപേക്ഷകൻ സംസ്ഥാനത്തെ ഒ.ബി.സി. വിഭാഗത്തിൽ ഉൾപ്പെട്ടവരും പ്രൊഫഷണൽ കോഴ്സുകൾ (എം.ബി.ബി.എസ്., ബി.ഡി.എസ്., ബി.എ.എം.എസ്., ബി.എസ്.എം.എസ്., ബി.ടെക്, ബി.എച്ച്.എം.എസ്., ബിആർക്ക്, വെറ്ററിനറി സയൻസ്, ബി.എസ്.സി. അഗ്രികൾച്ചർ, ബി.ഫാം, ബയോടെക്നോളജി, ബി.സി.എ., എൽ.എൽ.ബി., ഫുഡ് ടെക്നോളജി, ഫൈൻ ആർട്ട്സ്, ഡയറി സയൻസ്, ഫിസിക്കൽ എഡ്യൂക്കേഷൻ, ഫോട്ടോഗ്രാഫി, വീഡിയോഗ്രാഫി മുതലായവ) വിജയകരമായി പൂർത്തീകരിച്ചവരുമായിരിക്കണം. പ്രായം 40 വയസ്സ് കവിയാൻ പാടില്ല.

ഈ പദ്ധതി പ്രകാരം മെഡിക്കൽ/ആയുർവേദ/ഹോമിയോ/സിദ്ധ/ദന്തൽ ക്ളിനിക്ക്, വെറ്ററിനറി ക്ളിനിക്ക്, സിവിൽ എഞ്ചിനീയറിംഗ് കൺസൾട്ടൻസി, ആർക്കിടെക്ച്ചറൽ കൺസട്ടൻസി, ഫാർമസി, സോഫ്റ്റ് വെയർ ഡവലപ്മെന്റ്, ഡയറി ഫാം, അക്വാകൾച്ചർ, ഫിറ്റ്നെസ്സ് സെന്റർ, ഫുഡ് പ്രോസസ്സിംഗ് യൂണിറ്റ്, ഓർക്കിഡ് ഫാം, ടിഷ്യു കൾച്ചർ ഫാം, വീഡിയോ പ്രോഡക്ഷൻ യൂണിറ്റ് എഞ്ചിനീയറിംഗ് വർക്ക്ഷോപ്പ് തുടങ്ങി പ്രൊഫഷണൽ യോഗ്യതയുമായി ബന്ധപ്പെട്ട വരുമാനദായകമായ ഏതൊരു നിയമാനുസൃത സംരംഭം ആരംഭിക്കുന്നതിനും വായ്പ ലഭിക്കും. പദ്ധതി അടങ്കലിന്റെ 95% വരെ വായ്പ അനുവദിക്കും. ബാക്കി തുക ഗുണഭോക്താവ് ക ത്തണം.

വായ്പാ തുകയുടെ 20% (പരമാവധി 2 ലക്ഷം രൂപ) പിന്നാക്ക വിഭാഗ വികസന വകുപ്പ് സബ്സിഡിയായി അനുവദിക്കും. ടി തുക അപേക്ഷകന്റെ വായ്പാ അക്കൗ ിൽ വരവ് വയ്ക്കുന്നതാണ്. സംരംഭകൻ സബ്സിഡി കഴിച്ചുള്ള തുകയും അതിന്റെ പലിശയും മാത്രമാണ് തിരിച്ചടയ്ക്കേ ി
വരുന്നത്.

പദ്ധതി പ്രയോജനപ്പെടുത്തി സ്റ്റാർട്ട്അപ്പ് സംരംഭം ആരംഭിക്കുന്നതിന് തത്പരരായ പ്രൊഫഷണലുകൾ www.ksbcdc.com എന്ന കോർപ്പറേഷൻ വെബ്സൈറ്റ് വഴി സെപ്റ്റംബർ 20നകം രജിസ്റ്റർ ചെയ്യേ താണ്. രജിസ്റ്റർ ചെയ്യുന്ന പ്രൊഫഷണലുകളെ സെപ്റ്റംബർ 30നകം കോർപ്പറേഷന്റെ ബന്ധപ്പെട്ട ജില്ലാ / ഉപജില്ലാ ഓഫീസിൽ അഭിമുഖത്തിന് ക്ഷണിക്കുന്നതാണ്. അഭിമുഖം സംഘടിപ്പിക്കുന്ന തീയതി എസ്.എം.എസ് /ഇ-മെയിൽ മുഖാന്തിരം അറിയിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് www.ksbcdc.com എന്ന കോർപ്പറേഷൻ വെബ്സൈറ്റ് സന്ദർശിക്കുക.

# റിക്രൂട്ട്മെന്റ് റാലി 26 മുതൽ

ആലപ്പുഴ: 136 ഐ.എൻ.എഫ് ബറ്റാലിയൻ എക്കോ മഹാറിന്റെ ആഭിമുഖ്യത്തിൽ ഓഗസ്റ്റ് 26 മുതൽ 29 വരെ ദേവലാലിയിൽവച്ച് (മഹാരാഷ്ട്ര) റിക്രൂട്ട്മെന്റ് റാലി നടത്തും. വിശദവിവരങ്ങൾക്ക് ഫോൺ: 09797707530, 9158501144.

# ബാലശാസ്ത്ര കോൺഗ്രസ് അധ്യാപക പരിശീലനം നാളെ

ആലപ്പുഴ: ദേശീയ ബാലശാസ്ത്ര കോൺഗ്രസിന്റെ ഭാഗമായി കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ സംസ്ഥാന വിദ്യാഭ്യാസ വകുപ്പിന്റെ സഹകരണത്തോടെ നടത്തുന്ന ജില്ല ബാലശാസ്ത്ര കോൺഗ്രസ് നവംബർ മാസത്തിൽ നടക്കും. ഇതിലേക്ക് പ്രോജക്ടുകൾ ചെയ്യുന്നതിന് കുട്ടികളെ പ്രാപ്തരാക്കുന്നതിനായി അധ്യാപകർക്ക് നൽകുന്ന ജില്ലാതല പരിശീലനം ഓഗസ്റ്റ് 24 രാവിലെ 9.30 മുതൽ ആലപ്പുഴ ഗവ. ഗേൾസ് ഹയർ സെക്കൻഡറി സ്കൂൾ ഓഡിറ്റോറിയത്തിൽ നടക്കും. ജില്ല കളക്ടർ ഡോ.അദീല അബ്ദുള്ള പരിശീലനം ഉദ്ഘാടനം ചെയ്യും. വിദ്യാഭ്യാസ ഡപ്യൂട്ടി ഡയറക്ടർ ധന്യ.ആർ.കുമാർ അധ്യക്ഷത വഹിക്കും. കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ.പി.ഹരിനാരായണൻ നേതൃത്വം നൽകും. തൽപര്യമുള്ള അധ്യാപകർ എത്തണമെന്ന് ജില്ല കോ-ഓർഡിനേറ്റർ എച്ച്. ശ്രീകുമാർ അറിയിച്ചു. ഫോൺ: 9447976901.

# ജനറൽ നഴ്സിങ് ആൻഡ് മിഡ് വൈഫറി :റാങ്ക്ലിസ്റ്റ് പ്രസിദ്ധീകരിച്ചു

ആലപ്പുഴ: ഗവ.നഴ്സിങ് സ്കൂളിലെ ജനറൽ നഴ്സിങ് ആൻഡ് മിഡ് വൈഫറി കോഴ്സിന്റെ റാങ്ക്ലിസ്റ്റ് ജില്ല മെഡിക്കൽ ഓഫീസ് ആലപ്പുഴയിലും നഴ്സിങ് സ്കൂൾ ആലപ്പുഴയിലെ നോട്ടീസ് ബോർഡിലും പ്രസിദ്ധീകരിച്ചു.